12061
18/9/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വനിതാ വികസന കോർപ്പറേഷനിലെ എല്ലാ ജീവനക്കാരുടെയും ഇ.പി.എഫ് അംഗത്വത്തിന്റെ കാര്യത്തിൽ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ഇ.പി.എഫ് സ്കീമിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 514/2015/സാനീവ തീയതി, തിരുവനന്തപുരം 11.08.2015**

---

പരാമർശം: (1) 20.11.2011 ലെ 71/2011/ഫിൻ നമ്പർ സർക്കുലർ.
(2) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 25.03.2014 ലെ KSWDC/A4/5741/05 നമ്പർ കത്ത്.

## ഉത്തരവ്

1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീമിൽ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് 6,500/- രൂപയ്ക്ക് (അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും) മുകളിൽ ശമ്പളമുള്ള തസ്തികകളിൽ ജോലിയിൽ പ്രവേശിക്കുന്നവർ പ്രസ്തുത സ്കീമിൽ നിന്നും ഒഴിവാക്കപ്പെട്ട വിഭാഗത്തിൽപ്പെടുന്നവരാണെന്നും, ഈ വിഭാഗത്തിൽപ്പെടുന്ന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരെ പി.എഫ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം (1) ലെ സർക്കുലർ പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഇ.പി.എഫ് സ്കീം നടപ്പിലാക്കിയ സ്ഥാപനങ്ങൾ പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കണമെന്നുള്ളതിനാൽ ആയത് പ്രകാരവും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീമിന്റെ ഖണ്ഡിക 26 A യിലെ നിബന്ധനയും കണക്കിലെടുത്ത് വനിതാ വികസന കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം എംപ്ലോയീസ് പ്രോവിഡന്റ് സ്കീമിന്റെ കാര്യത്തിൽ നിലവിലുള്ള സ്ഥിതി തുടരാൻ അനുവദിക്കണമെന്നും കോർപ്പറേഷനിലെ എല്ലാ ജീവനക്കാരുടെയും ഇ.പി.എഫ് അംഗത്വത്തിന്റെ കാര്യത്തിൽ കോർപ്പറേഷനിൽ നടപ്പിലാക്കി വരുന്ന ഇ.പി.എഫ് സ്കീമിന് സാധൂകരണം നൽകണമെന്നും മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.09.2014 മുതൽ കേന്ദ്ര സർക്കാർ ഇ.പി.എഫ് വിഹിതത്തിന്റെ പരിധി 15,000/ രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിനുമുമ്പ് വരെ ടി പരിധി 6,500/- രൂപയായിരുന്നു. 6,500/ രൂപയിൽ കൂടുതൽ പ്രതിമാസവേതനമുള്ള തൊഴിലാളികൾ ഇ.പി.എഫ് ന്റെ പരിധിയിൽ വരുന്നില്ലായെങ്കിലും ടി

തൊഴിലാളികൾക്ക് അവരുടെ പ്രതിമാസവേതനത്തിന്റെ 12% അടച്ച് ഇ.പി.എഫ് സ്കീമിൽ തുടരുന്നതിനും അത്തരത്തിലുള്ള കേസുകളിൽ തൊഴിലുടമ വിഹിതം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഉയർന്ന പരിധിയിൽ പരിമിതപ്പെടുത്തണമെന്ന വ്യവസ്ഥയോടു കൂടിയും കേരള സംസ്ഥാന വനിത വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ഇ.പി.എഫ് സ്കീമിൽ തുടരുന്നതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**കെ.എം.ലീലാമണി**
**അഡീഷണൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(24.11.14 ലെ 78343/PUC2/14/fin പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്(12.12.2014 ലെ1913/BPE2/14/Plg പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ